LIBRARY ARCHIVES Kerala Legislative Assembly

നീർത്തട വികസന പദ്ധതികൾ

192 [1772] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും മജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97 മുതൽ 2003-2004 വരെയുള്ള ഓരോ വർഷവും 'കപാർട്ട്' എത്ര നീർത്തട വികസന പദ്ധതികൾ സംസ്ഥാനത്തിന് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 'കപാർട്ട്' അനുവദിച്ച ഓരോ പദ്ധതിയുടെയും ആകെ അടങ്കൽ തുക നടപ്പിലാക്കേണ്ട കാലാവധി, പദ്ധതി ഏറ്റെടുത്ത സ്ഥാപനം/സംഘടന, നീർത്തടത്തിന്റെ പേര്, നീർത്തടം സ്ഥിതി ചെയ്യുന്ന ജില്ല, ബ്ലോക്ക്, പഞ്ചായത്ത്, നീർത്തടത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ, ചെലവഴിച്ച തുക, പ്രവർത്തന പുരോഗതി എന്നീ വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(സി) കപാർട്ടിലൂടെ നടപ്പിലാക്കിയ നീർത്തട പദ്ധതികളെ സംബന്ധിച്ച് ഗ്രാമ വികസന വകുപ്പ് നേരിട്ടോ മറ്റ് ഏജൻസികൾ മുഖാന്തിരമോ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) നീർത്തട വികസനത്തിനായുള്ള പ്രോജക്ടുകളൊന്നും 'കപാർട്ട്' ഗ്രാമ വികസന വകുപ്പു മുഖേന അനുവദിച്ചില്ല.

(സി) പഠനം നടത്തിയിട്ടില്ല.

റൂറൽ ഹൗസിംഗ് പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിന് ഫണ്ട്

193 [1773] രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും മജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഹൗസിംഗ് പദ്ധതി പ്രകാരം ലക്ഷംവീട് കോളനികളിലെ താമസക്കാർക്ക് വീടുകൾ നിർമ്മിക്കുന്നതിന് എന്നാണ് ഫണ്ട് നൽകിയത്;

(ബി) നൽകിയ പണം തിരിച്ചടയ്ക്കാൻ ഇപ്പോൾ നോട്ടീസ് നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര ആൾക്കാർക്കാണ് നോട്ടീസ് നൽകിയിട്ടുള്ളത്;

(ഡി) നോട്ടീസ് പ്രകാരം പണം അടയ്ക്കണമെങ്കിൽ വീടും ഭൂമിയും ഇവർക്ക് വിൽക്കേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ ഇവർക്ക് നൽകിയ നോട്ടീസ് പിൻവലിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

സടക് യോജന പദ്ധതിയിൽ മണ്ണാർക്കാട്, അട്ടപ്പാടി ബ്ലോക്കുകളിൽ പരിഗണനയിലുള്ള റോഡുകൾ

194 [1774] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ 'സടക് യോജന പദ്ധതി' പ്രകാരം മണ്ണാർക്കാട്, അട്ടപ്പാടി ബ്ലോക്കുകളിൽ പരിഗണനയിലുള്ള റോഡുകൾ ഏതെല്ലാം;

(ബി) ഈ റോഡുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ഡി) ഓരോ റോഡിനും എന്ത് തുക വീതമാണ് വകയിരുത്തിയിരിക്കുന്നത്;

(ഇ) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമ സടക് യോജന പദ്ധതി പ്രകാരം 2003-2004 സാമ്പത്തിക വർഷം അട്ടപ്പാടി ബ്ലോക്കിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1. തീക്കോട്ട പാലൂർ റോഡുകാട്ടി റോഡ് 70.80 ലക്ഷം രൂപ.
2. നെല്ലിയാമ്പതി-കുതിരാംപതി റോഡ് 103.93 ലക്ഷം രൂപ.

മണ്ണാർക്കാട് ബ്ലോക്കിൽ ഈ പദ്ധതിയനുസരിച്ച് പണികൾ ഇതുവരെ ഏറ്റെടുത്തിട്ടില്ല.

(ബി) പ്രസ്തുത റോഡുകളുടെ പണികൾ ആരംഭിക്കുന്നതിനായി ടെന്റർ സ്വീകരിച്ച് നടപടികൾ പൂർത്തിയാക്കി വരുന്നു.

(സി) തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 'എ' പിരിവിൽ ഉത്തരം നൽകിയിട്ടുണ്ട്.

(ഇ) സാധാരണയായി 9 മാസം കൊണ്ട് പണികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly